# കേരളസർവകലാശാല

*Re-accredited by NAAC with A++ GRADE*

നം. പി.ആർ. 263/2024 തിരുവനന്തപുരം, തീയതി: 25/11/2024

## പത്രക്കുറിപ്പ്

## കേരളസർവകലാശാല ഒന്നാം വർഷ എം.എഡ്. പ്രവേശനം - 2024 ജനറൽ/കമ്മ്യൂണിറ്റി ക്വാട്ട/എസ്.സി./എസ്.ടി./ഭിന്നശേഷി വിഭാഗക്കാർ/ മറ്റ് സംവരണ വിഭാഗങ്ങൾക്ക് – സ്പോട്ട് അലോട്ട്മെന്റ്

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്/എയ്ഡഡ്/ സ്വാശ്രയ കോളേജുകളിലെ ഒന്നാം വർഷ എം.എഡ്. കോഴ്സിലേയ്ക്ക് 2024 നവംബർ 27 ന് കേരളസർവകലാശാല ആസ്ഥാനത്ത് വച്ചും നവംബർ 29, 30 തീയതികളിൽ അതാത് കോളേജിൽ വച്ചും സ്പോട്ട് അലോട്ട്മെന്റ് നടത്തുന്നതാണ്. വിദ്യാർത്ഥികൾ അപേക്ഷയുടെ പ്രിന്റ് ഔട്ട്, യോഗ്യത തെളിയിക്കുന്ന മാർക്ക് ലിസ്റ്റ്, എലിജിബിലിറ്റി സർട്ടിഫിക്കറ്റ് (for candidates of other Universities), Non Creamy Layer Certificate (for SEBC Candidates), കമ്മ്യൂണിറ്റിസർട്ടിഫിക്കറ്റ് (SC, ST Candidates ) EWS സർട്ടിഫിക്കറ്റ്, Medical certificate (for Differently Abled Candidates), മറ്റ് യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ എന്നിവ ഹാജരാക്കേണ്ടതാണ്. അലോട്ട്മെന്റ് സെന്ററുകളിൽ വിദ്യാർത്ഥികൾക്ക് മാത്രമേ പ്രവേശനം അനുവദിക്കുകയുള്ളു. ഏതെങ്കിലും കാരണത്താൽ ഹാജരാകാൻ സാധിക്കാത്ത വിദ്യാർത്ഥികൾക്ക് സാക്ഷ്യപത്രം (authorization letter) നൽകി പ്രതിനിധിയെ അയക്കാവുന്നതാണ്. നിലവിൽ സർവകലാശാല അഡ്മിഷൻ പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടില്ലാത്തവരെ, റാങ്ക് ലിസ്റ്റിലെ വിദ്യാർത്ഥികളെ പരിഗണിച്ചതിനു ശേഷം ഒഴിവുള്ള സീറ്റുകളിലേക്ക് പരിഗണിക്കുന്നതാണ്.

പ്രത്യേക കുറിപ്പ് (എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

## പരീക്ഷാഫലം

കേരളസർവകലാശാല 2024 ജൂലൈയിൽ നടത്തിയ എം.എഡ്. 2022-2024 ബാച്ച് (സി.എസ്.എസ്.) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

## പരീക്ഷ രജിസ്ട്രേഷൻ

കേരളസർവകലാശാല 2025 ജനുവരിയിൽ ആരംഭിക്കുന്ന നാലാം സെമസ്റ്റർ പഞ്ചവർഷ എം.ബി.എ. (ഇന്റഗ്രേറ്റഡ്) (2022 & 2015 സ്കീം – റെഗുലർ – 2022 അഡ്മിഷൻ, സപ്ലിമെന്ററി – 2016 - 2021 അഡ്മിഷൻ & മേഴ്സിചാൻസ് -2015 അഡ്മിഷൻ) പരീക്ഷകളുടെ രജിസ്ട്രേഷൻ ആരംഭിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in)

കേരളസർവകലാശാല 2025 ജനുവരിയിൽ ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ പഞ്ചവർഷ എം.ബി.എ. (ഇന്റഗ്രേറ്റഡ്) (2022 & 2015 സ്കീം – റെഗുലർ – 2023 അഡ്മിഷൻ, സപ്ലിമെന്ററി –

2016 - 2021 അഡ്മിഷൻ & മേഴ്സിചാൻസ് –2015 അഡ്മിഷൻ) പരീക്ഷകളുടെ രജിസ്ട്രേഷൻ ആരംഭിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in)

## ഇന്ത്യൻ ഭരണഘടനാ ദിനാചരണം – പുസ്തക പ്രദർശനം (2024 നവംബർ 26 മുതൽ 30 വരെ)

ഇന്ത്യൻ ഭരണഘടനാ ദിനാചരണത്തോടനുബന്ധിച്ച് കേരളസർവകലാശാല ലൈബ്രറി പുസ്തക പ്രദർശനം നടത്തുന്നു. ഇന്ത്യൻ ഭരണഘടന, മൗലികാവകാശങ്ങൾ, ഡോ. ബി. ആർ. അംബേദ്കറുടെ സംഭാവനകൾ എന്നീ വിഷയങ്ങളെ ആസ്പദമാക്കിയുള്ള പുസ്തക പ്രദർശനം ലൈബ്രറി അംഗങ്ങളല്ലാത്തവർക്കും കാണാൻ സൗകര്യം ഉണ്ടായിരിക്കുന്നതാണ്.

## സൂക്ഷ്മപരിശോധന

കേരളസർവകലാശാല 2023 മാർച്ചിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബി.എഡ്. പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡും പ്രസ്തുത പരീക്ഷയുടെ ഹാൾടിക്കറ്റുമായി 2024 നവംബർ 26 മുതൽ ഡിസംബർ 03 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ EJ-III സെക്ഷനിൽ ഹാജരാകേണ്ടതാണ്.

## സീറ്റൊഴിവ്

കേരളസർവകലാശാല തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം നടത്തുന്ന പി.ജി. ഡിപ്ലോമ ഇൻ യോഗ തെറാപ്പി കോഴ്സിന് ഏതാനും സീറ്റുകൾ ഒഴിവുണ്ട്. യോഗ്യത: കേരള സർവകലാശാല അംഗീകരിച്ച ബിരുദം, കോഴ്സ് കാലാവധി : ഒരു വർഷം, ക്ലാസുകൾ : രാവിലെ 7 മുതൽ 9 വരെ, കോഴ്സ് ഫീസ് : Rs. 19500 /-, അപേക്ഷ ഫീസ് : 100 രൂപ, 2024 ഡിസംബർ 06 വരെ അപേക്ഷിക്കാം, ഉയർന്ന പ്രായപരിധി ഇല്ല. അസ്സൽ സർട്ടിഫിക്കറ്റും പകർപ്പും ഒരു ഫോട്ടോയും സഹിതം പി.എം.ജി. ജംഗ്ഷനിലുള്ള സ്റ്റുഡന്റ്സ് സെന്റർ ക്യാമ്പസ്സിലെ CACEE ഓഫീസിൽ ഹാജരാകണം. വിശദവിവരങ്ങൾക്ക് : 0471-2302523.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ–ചാർജ്)

**E-mail:** For queries helpdesk@keralauniversity.ac.in/
**website:** www.keralauniversity.ac.in

*University information is available on* 9188526670, 9188526671, 9188526674, 9188526675
Whats App No. 8547330240